(ബി) ജിക്കയുടെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിനായി നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്കായി തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽനിന്നും എന്ത് തുക പിൻവലിച്ചിട്ടുണ്ട്; വകയിരുത്തിയ തുക എത്രയായിരുന്നു;

(സി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക പിൻവലിക്കുകയുണ്ടായി എന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ശുദ്ധജല വിതരണ, മാലിന്യ നിർമ്മാർജ്ജന മേഖലയ്ക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഇനത്തിൽ മൊത്തം 631.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ട്രഷറിയിൽ നിന്നും 323.36 കോടി രൂപ പിൻവലിച്ചു. ഇതിനുപരിയായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയ 130 കോടി രൂപയിൽ 44.28 കോടി രൂപ അനുവദിച്ചു.

(ബി) നബാർഡ് സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ച പ്രസ്തുത പദ്ധതിക്ക് തന്നാണ്ടിലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) ചോദ്യം (എ)-യിൽ പ്രതിപാദിച്ചിട്ടുള്ള പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക പിൻവലിച്ചു.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ	-	60.00%
നബാർഡ്	-	40.59%
ജിക്ക	-	40.00%

ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണം

208 (909) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായി ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല ഉറവിടങ്ങൾ ദിനംപ്രതി മലിനീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നത് തടയാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; ഇവ എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുടിവെള്ളത്തിനായി ആശ്രയിക്കുന്ന ഉറവിടങ്ങൾ, ഡാമുകൾ തുടങ്ങിയവയുടെ മലിനീകരണം തടയുന്നതിനും മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയ ജലം ശുദ്ധീകരിച്ച് കുടിവെള്ളം ലഭ്യമാക്കുമാവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം എത്തിച്ചേരുന്നതിന് സ്രോതസ്സുകളിൽ തന്നെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായ സ്ഥാപനങ്ങളേയും ആശുപത്രികളേയും ഉത്തംഗ കെട്ടിടങ്ങളേയും കൊണ്ടുവരികയും അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയ പരിധിയിൽ എത്തിച്ചശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർഷിക്കുകയും ചെയ്തുവരുന്നു. ഹൗസ് ബോട്ടുകളിൽനിന്നുള്ള സിവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും മലിനീകരണം ഉണ്ടാക്കുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്നും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, തടാക സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് നിലനിർത്തി, ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളകയറ്റം തടയുന്നതിനായി ചെക്ക് ഡാം, റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ളിടങ്ങളിൽ നദീതീര സംരക്ഷണം, കനാലുകൾ നിർമ്മാണം എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റി പമ്പുതി സ്രോതസ്സുകളിലെ ജലം വിവിധതലത്തിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ശുദ്ധീകരിച്ചതിനുശേഷം ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ വിതരണം ചെയ്യാറുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly